23/11/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 370*(2)/2021*/***എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **3957**/*എസ്.ഐ.സി-ജി 6/21*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീമതി ധന്യ എം.
W/o രാജേഷ് ടി.വി. (Late),
കാനായി പി.ഒ., തോട്ടംകടവ്,
പയ്യന്നൂർ – 670 307,
കണ്ണൂർ ജില്ല. } അപ്പീൽ ഹർജിക്കാരി

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   ജില്ലാ ആശുപത്രി,
   കണ്ണൂർ.

2. അപ്പീൽ അധികാരി,
   ജില്ലാ ആശുപത്രി,
   കണ്ണൂർ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 07.01.2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 01.02.2021 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 17.02.2021 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 15.03.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 18.03.2021 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 20.03.2021 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം<br><br>ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | 28.10.2021, ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാൾ, കണ്ണൂർ<br><br>ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരിയായ ശ്രീമതി ധന്യ എം.,

18.03.2021ന് സമർപ്പിച്ച അപ്പീൽ ഹർജി 26.03.2021 കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.370(2)/21/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൾ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ്.

3. അപ്പീൽ ഹർജിക്കാരി 07.01.2021ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) കണ്ണൂർ ജില്ലാ ആശുപത്രി ജീവനക്കാരനായ രാജേഷ് ടി.വി. കോവിഡ് പോസിറ്റീവായ ദിവസം, സമയം, ടി സമയത്ത് ടിയാനുണ്ടായിരുന്ന രോഗലക്ഷണങ്ങൾ ഇവയുടെ പൂർണ്ണമായ വിവരം നൽകണമെന്നും

2) 09.09.2020ന് രാവിലെ 11 മണിക്ക് ജനറൽ ഒ.പി.യിലുണ്ടായിരുന്ന ഡോക്ടർമാരുടെ പേര്, അഡ്രസ്സ് എന്നിവ നൽകണമെന്നും

3) 09.09.2020ന് രാവിലെ 10.30ന് കൊറോണ ഒ.പി.യിലുണ്ടായിരുന്ന ഡ്യൂട്ടി ഡോക്ടറുടെ പേര്,

4) ശ്രീ.രാജേഷിനെ ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്ത സമയം, വാർഡ്, എത്രാം നിലയിൽ, രോഗിയുടെ ബെഡ് നമ്പർ, എന്നിവയുടെ വ്യക്തമായ വിവരം നൽകണമെന്നും

5) ഐ.പി.നമ്പർ പ്രകാരം അഡ്മിറ്റായ ശേഷമുള്ള കേസ് ഷീറ്റിന്റെ പകർപ്പുകൾ നൽകണമെന്നും തുടങ്ങി 26 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

ആയതിന് 01.02.2021ന് മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിൽ തൃപ്തയാകാതെ സമർപ്പിച്ച ഒന്നാം അപ്പീലിന് 15.03.2021ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീലിലെ ചോദ്യം 1, 2 എന്നിവയ്ക്ക് ബാധകമല്ലെന്നും രണ്ടാം ഇനമായി ആവശ്യപ്പെട്ടതിൽ, ഡോക്ടറുടെ പേര്, ശ്രീരാഗ്, അഡ്രസ്സ് - അസിസ്റ്റന്റ് സർജൻ, ജില്ലാ ആശുപത്രി, കണ്ണൂർ എന്നാണെന്നും 8-ാം ഇനത്തിന് നൽകിയ മറുപടിയിൽ അപൂർണ്ണവും തൃപ്തികരമല്ലാത്തതും ആയവ എന്തെന്ന് വ്യക്തമാക്കിയാൽ മറുപടി നൽകാവുന്നതാണെന്നും നില

വിലുള്ള ലിസ്റ്റ് പ്രകാരം ഡോക്ടർമാരുടെയും നഴ്സുമാരുടെയും പൂർണ്ണമായ വിവരം നൽകിയിട്ടുണ്ടെന്നും ഡ്യൂട്ടി ലിസ്റ്റിന്റെ പകർപ്പും നൽകിയിട്ടുണ്ടെന്നുമാണ്.

ക്രമനമ്പർ 10ന് ഡോക്ടർമാർ രോഗിയെ സന്ദർശിച്ചാൽ Case Sheetൽ വിവരങ്ങൾ രേഖപ്പെടുത്താറുണ്ടെന്നും Case Sheet ന്റെ കോപ്പി ഹർജിക്കാരിയ്ക്ക് നൽകിയിട്ടുള്ളതാണെന്നും വിവരാവകാശ നിയമപ്രകാരം ഹർജിക്കാരി ആവശ്യപ്പെട്ട ജീവനക്കാരുടെ പേര്, വിലാസം, ഫോൺ നമ്പർ എന്നിവ തയ്യാറാക്കി നൽകേണ്ടതല്ലെന്നും ആയത് സംബന്ധിച്ച രേഖകൾ ഉണ്ടെങ്കിൽ നൽകിയാൽ മതിയെന്നുമാണ്.

ക്രമനമ്പർ 12ന് നൽകിയ മറുപടിയിൽ Case Sheetൽ ടി വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെന്നും വേറെ പകർപ്പോ റിപ്പോർട്ടോ ലഭ്യമല്ലെന്നും 13-ാം ഇനത്തിന് ക്രമനമ്പർ 12ന്റെ മറുപടി ബാധകമാണെന്നും 14-ാം ഇനം സംബന്ധിച്ച രേഖകൾ ഒന്നുംതന്നെ ലഭ്യമല്ലെന്നും ക്രമനമ്പർ 17 സംബന്ധിച്ച് നിലവിൽ ലഭ്യമായ രേഖകൾ ഹർജിക്കാരന് നൽകിയിട്ടുണ്ടെന്നും ഡോക്ടർ എത്തിയ സമയം Case Sheetൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നുമാണ്.

18-ാം ഇനം സംബന്ധിച്ച ചോദ്യത്തിന് ഡ്യൂട്ടിയിലുള്ള ജീവനക്കാരുടെ പേരു വിവരങ്ങൾ നൽകിയിട്ടുണ്ടെന്നും വിലാസം ആശുപത്രിയിൽ ജോലി ചെയ്യുന്ന catogory യിൽ ഉള്ളതാണെന്നും വിവരാവകാശ നിയമപ്രകാരം ജീവനക്കാരുടെ ഫോൺ നമ്പർ രേഖാമൂലം ചോദിച്ചു മനസ്സിലാക്കി നൽകേണ്ടതില്ലെന്നും ഫോൺ നമ്പർ രേഖപ്പെടുത്തിയ ഒരു രേഖയും ടി ആശുപത്രിയിൽ നിലവിലില്ലെന്നുമാണ്. ക്രമനമ്പർ 19ന് ദൂരം സംബന്ധിച്ച രേഖകളൊന്നും ടി ആശുപത്രിയിൽ ലഭ്യമല്ലെന്നും ഐ.സി.യു.വിൽ സി.സി.ടിവി ഇല്ലെന്നുമാണ്.

ചോദ്യം 4 സംബന്ധിച്ചതിന് ടി ആശുപത്രിയിൽ Radiologist ജോലി ചെയ്യുന്നില്ലെന്നും എക്സ്റേ എടുത്തതിനു ശേഷം അതു സംബന്ധമായ വിവരങ്ങൾ ചികിത്സിക്കുന്ന ഡോക്ടർ Case Sheetൽ രേഖപ്പെടുത്തുകയാണ് ചെയ്യുന്നതെന്നും Case Sheet ന്റെ പകർപ്പ് ഹർജിക്കാരിയ്ക്ക് നൽകിയിട്ടു

ണ്ടെന്നും 'എക്സ്റേ സംബന്ധിച്ച് ഒരു റിപ്പോർട്ട്' എന്ന രേഖ ലഭ്യമല്ലെന്നുമാണ്.

ചോദ്യം നമ്പർ 5 സംബന്ധിച്ച് വിവരാവകാശ നിയമപ്രകാരം മറുപടി നൽകേണ്ടതല്ലെന്നും ക്രമനമ്പർ 6നും വിവരാവകാശ നിയമപ്രകാരം മറുപടി നൽകാവുന്നതല്ലെന്നും ജീവനക്കാരെ കുറിച്ച് പരാതിയുണ്ടെങ്കിൽ പരാതി എഴുതി രേഖാമൂലം സൂപ്രണ്ടിന് സമർപ്പിക്കാവുന്നതാണെന്നുമാണ് അറിയിച്ചത്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും ഹർജിക്കാരിയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരിയുടെ അപേക്ഷയിൽ ആവശ്യപ്പെട്ട എക്സ്റേ സംബന്ധിച്ച വിവരങ്ങൾ ടിയാൾക്ക് നൽകിയിട്ടില്ലെന്നും ഒന്നാം അപ്പീലിലും ടി വിഷയം സംബന്ധിച്ച ആവശ്യം ഉന്നയിച്ചിരുന്നുവെന്നും എന്നിട്ടും ടിയാൾക്ക് പ്രസ്തുത രേഖ ലഭ്യമായില്ലെന്നാണ്. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ലഭ്യമായ വിവരങ്ങൾ ടിയാൾക്ക് നൽകിയതായി കമ്മീഷനു ബോധ്യമാകുന്നു. എന്നാൽ ഹർജിക്കാരി ആവശ്യപ്പെട്ട എക്സ്റേ retrieve ചെയ്യാൻ സാധിച്ചാൽ ടിയാൾക്ക് നൽകണമെന്നും ടി വിവരം രേഖപ്പെടുത്തിയ റിപ്പോർട്ട് കമ്മീഷനിൽ സമർപ്പിക്കണമെന്നും ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2021 ഒക്ടോബർ 30–ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)